13/2/23

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic.ker@nic.in

ഹർജി നമ്പർ **AP. 104(2)/2022**/എസ്.ഐ.സി.

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **1451**/എസ്.ഐ.സി-ജി 6/22)

സന്നിഹിതൻ

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**ശ്രീമതി റോഷ്ണി വാസുദേവൻ,**
**C/o രമ കുമാരി, സോപാനം,**
**ശാരദ മന്ദിരം, നിയർ എം.എൽ.എ.റോഡ്,**
**പുനലൂർ – 691 305.** } **അപ്പീൽ ഹർജിക്കാരി**

**Vs**

1. **സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,**
   **എഞ്ചിനീയറിംഗ് സെക്ഷൻ,**
   **പുനലൂർ മുനിസിപ്പാലിറ്റി, പുനലൂർ,**
   **കൊല്ലം ജില്ല, പിൻ – 691 305.**

2. **അപ്പീൽ അധികാരി&**
   **മുനിസിപ്പൽ സെക്രട്ടറി,**
   **പുനലൂർ മുനിസിപ്പാലിറ്റി, പുനലൂർ,**
   **കൊല്ലം ജില്ല, പിൻ – 691 305.**

} **എതിർകക്ഷികൾ**

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 08.09.2021 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 07.10. 2021 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 08.11. 2021 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 22.11. 2021 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 22.01.2022 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 22.01.2022 |
| ഹിയറിംഗ് നടന്ന തീയതി | 29.12.2022, കളക്ടറേറ്റ് കോൺഫറൻസ് ഹാൾ,കൊല്ലം |
| ഹിയറിംഗിലെ സാന്നിദ്ധ്യം: അപ്പീൽ ഹർജിക്കാരി<br>എസ്.പി.ഐ.ഒ. | ഹാജരായില്ല<br>ഹാജരായിരുന്നു. |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(1) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരിയായ ശ്രീമതി റോഷ്ണി വാസുദേൻ, 22.01.2022ന്

സമർപ്പിച്ച അപ്പീൽ ഹർജി അന്നേദിവസം തന്നെ കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് **AP.No.104(2)/22**ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരി 08.09.2021ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് ലഭിച്ച മറുപടി തൃപ്തികരമല്ലാത്തതിനാൽ ഒന്നാം അപ്പീൽ നൽകിയെന്നും എന്നാൽ അപ്പീൽ അധികാരി മറുപടി ലഭ്യമാക്കിയില്ലെന്നുമാണ്.

3. അപ്പീൽ ഹർജിക്കാരി 08.09.2021ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് 07.10.2021ന് മറുപടി നൽകിയതായി കാണുന്നു.

4. ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി സമർപ്പിച്ച ഒന്നാം അപ്പീലിന് 22.11.2021ന് നൽകിയ മറുപടിയിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരിയ്ക്ക് നൽകിയ മറുപടി തൃപ്തികരമല്ലെന്നു കാണിച്ച് സമർപ്പിച്ച അപ്പീൽ പരിശോധിക്കുകയും ടി അപ്പീലിന്റെ അടിസ്ഥാനത്തിൽ എസ്.പി.ഐ.ഒ.യെ നേരിൽ കേൾക്കുകയുണ്ടായെന്നും മുനിസിപ്പാലിറ്റിയിൽ സർവ്വെ നമ്പർ അടിസ്ഥാനത്തിൽ വിവരങ്ങൾ ക്രമപ്പെടുത്തി സൂക്ഷിച്ചു പോകുന്നില്ലെന്നുമാണ്. സാമ്പത്തിക വർഷം വിവിധ വാർഡുകളിൽ നടത്തിയ നിർവ്വഹണ പ്രവർത്തികളാണ് ഫയലിൽ സൂക്ഷിച്ച് പോകുന്നതെന്നും ആയതിനാൽ സർവ്വെ നമ്പർ അടിസ്ഥാനത്തിൽ വിവരം നൽകാൻ കഴിയുകയില്ല എന്നുള്ള എസ്.പി.ഐ.ഒ.യുടെ വാദം അംഗീകരിച്ചുകൊണ്ട് അപ്പീൽ അപേക്ഷ നിരസിച്ച് ഉത്തരവാകുന്നുവെന്നുമാണ്.

5. രണ്ടാം എതിർകക്ഷി 23.02.2022ന് കമ്മീഷനിൽ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരി സമർപ്പിച്ച അപ്പീൽ അപേക്ഷയിന്മേൽ 19.11.2021ൽ എസ്.പി.ഐ.ഒ.യെ നേരിൽ കേൾക്കുകയുണ്ടായെന്നും നഗരസഭയിൽ സർവ്വെ നമ്പർ അടിസ്ഥാനത്തിൽ വിവരങ്ങൾ ക്രമപ്പെടുത്തി സൂക്ഷിച്ചു പോകുന്നില്ലെന്നും സാമ്പത്തിക വർഷം വിവിധ വാർഡുകളിൽ നടത്തിയ നിർവ്വഹണ പ്രവൃത്തികളാണ് ഫയലിൽ സൂക്ഷിച്ചു പോകുന്നതെന്നുമാണ്. ആയതിനാൽ സർവ്വെ നമ്പർ അടിസ്ഥാനത്തിൽ വിവരം നൽകുന്നതിന് കഴിയുകയില്ലെന്ന വാദം അംഗീകരിച്ചും ടിയാളുടെ അപ്പീൽ അപേക്ഷ നിരസിച്ചും 25.11.2021ൽ തീർപ്പാക്കി ഉത്തരവായിട്ടുള്ളതും 26.11.2021ൽ ഹർജിക്കാരിയ്ക്ക് അയച്ചു നൽകിയിട്ടുണ്ടെന്നും പകർപ്പ് ഉള്ളടക്കം ചെയ്യുന്നുവെന്നുമാണ്.

6. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഒന്നാം എതിർകക്ഷിയെ നേരിൽ കേട്ടതിലും, ഹർജിക്കാരിയുടെ അപേക്ഷയ്ക്ക് മറുപടി നൽകിയിട്ടുണ്ടെന്നു ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ ഹർജിക്കാരിയുടെ ഒന്നാം അപ്പീലിന് അപ്പീൽ അധികാരി മറുപടി ലഭ്യമാക്കിയില്ലെ

ന്നാണ് ടിയാൾ കമ്മീഷൻ മുമ്പാകെ ആക്ഷേപമുന്നയിച്ചിരിക്കുന്നത്. മൊഴിയും അനുബന്ധരേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരിയുടെ അപേക്ഷയ്ക്ക് ലഭ്യമായ വിവരങ്ങൾ 45 ദിവസത്തിനുള്ളിൽ നൽകണമെന്ന് ഒന്നാം എതിർകക്ഷിയ്ക്ക് കമ്മീഷൻ നിർദ്ദേശം നൽകുന്നു.

7. മേൽ നിർദ്ദേശപ്രകാരം ഈ അപ്പീൽ ഹർജി ഇന്നേദിവസം 2023 ജനുവരി 17–ാം തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)
Ge/